LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങൾ

163 (1921) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അടുത്ത കാലത്ത് വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) വരുത്തിയ മാറ്റങ്ങൾ ഉൾപ്പെടുത്തിയ ഗവൺമെന്റ് ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) നിർമ്മാണ ചട്ടങ്ങളുടെ പേരിൽ ചില പഞ്ചായത്ത് ഉദ്യോഗസ്ഥർ അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എഫ്.എ.ആർ. കവറേജ്, വഴിയുടെ വീതി, ലേ ഔട്ട് അംഗീകരം, അംഗവൈകല്യം ബാധിച്ചവർക്കു വേണ്ടിയുള്ള സൗകര്യങ്ങൾ മഴവെള്ള സംഭരണ സംവിധാനങ്ങളുടെ ചട്ടങ്ങളിലെ പരിഷ്കാരങ്ങൾ, സുരക്ഷാ മേഖല ചട്ടങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ, സർക്കാർ അംഗീകൃത സ്കീമിൽപ്പെട്ട കെട്ടിട നിർമ്മാണങ്ങൾക്കുള്ള ചട്ടങ്ങൾ തുടങ്ങിയവയാണ് അടുത്ത കാലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള പ്രധാനപ്പെട്ട മാറ്റങ്ങൾ

(ബി) ചട്ടങ്ങളിൽ മാറ്റം വരുത്തികൊണ്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(സി) അനാവശ്യമായി അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥരുടെ മേൽ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

കോർപ്പറേഷൻ മേഖലയിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതിൽ ഉണ്ടാകുന്ന ക്രമക്കേടുകളും അഴിമതിയും ഇല്ലാതാക്കുന്നതിന് നടപടികൾ

164 (1922) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷൻ മേഖലയിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നല്കുന്നതിൽ ഉള്ള ക്രമക്കേടുകൾ അവസാനിപ്പിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സംവിധാനത്തിൽ എന്തൊക്കെ പോരായ്മകൾ ആണ് ശ്രദ്ധയിൽ പെട്ടിട്ടുള്ളത് :

(ബി) ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിന്, ഈ സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.